## പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.6858. 13.07. 2012-ൽ മറുപടിയ്ക്ക്**

## വട്ടിയൂർക്കാവ് മണ്ഡലത്തിലെ ആശുപത്രികളിലെ വികസന പ്രവർത്തനങ്ങൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. കെ. മുരളീധരൻ | | ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) | |
| (എ) | വട്ടിയൂർക്കാവ് നിയോജക മണ്ഡലത്തിന്റെ പരിധിയിലെ വിവിധ ആശുപത്രികളിൽ 2011 - 2012 വർഷം ഏറ്റെടുത്ത് നടത്തിയ വികസന പ്രവർത്തനങ്ങളുടെ പേര്, എസ്റ്റിമേറ്റ് തുക, പ്രവൃത്തികളുടെ നിലവിലെ സ്ഥിതി എന്നിവ വ്യക്തമാക്കുമോ; | (എ) | 1. **ജില്ലാ ആശുപത്രി, പേരൂർക്കട:**<br>എം.പി.എൽ.എ.ഡി.എസിൽ നിന്നും 25,000,00/- (ഇരുപത്തിയഞ്ച് ലക്ഷം രൂപ) വിനിയോഗിച്ച് കുട്ടികളുടെ വാർഡ് നിർമ്മിച്ച് പൂർത്തീകരിച്ചു.<br>2. **മാനസികാരോഗ്യ കേന്ദ്രം, പേരൂർക്കട:** |

| നം | പ്രവർത്തി | തുക രൂപ | തൽ സ്ഥിതി |
|---|---|---|---|
| 1 | ആശുപത്രി കോമ്പൗണ്ടിനുള്ളിൽ റോഡ് റീടാറിംഗ് | 12,50,000/- | പി. ഡബ്ല്യൂ. നടപടി സ്വീകരിച്ചു വരുന്നു |
| 2 | മെഡിക്കൽ ഓഫീസർ റൂം, സൂപ്രണ്ട് റൂം എന്നിവ നവീകരിക്കുന്നത് | 7,50,000/- | പി. ഡബ്ല്യൂ. നടപടി സ്വീകരിച്ചു വരുന്നു |

| | | | |
|---|---|---|---|
| 3 | റിക്കാർഡ് റൂം നിർമ്മാണം | 1,00,000/- | പി. ഡബ്ല്യൂ. നടപടി സ്വീകരിച്ചു വരുന്നു |
| 4 | ബ്രഡ്മേക്കിംഗ് യൂണീറ്റിൽ ടോയിലറ്റ് നിർമ്മാണം | 2,69,400/- | പി. ഡബ്ല്യൂ. നടപടി സ്വീകരിച്ചു വരുന്നു |
| 5 | ഡ്രെയിനേജ് മെയന്റനൻസ് | 2,32,000/- | പി. ഡബ്ല്യൂ. നടപടി സ്വീകരിച്ചു വരുന്നു |

3. <u>പ്രാഥമികാരോഗ്യ കേന്ദ്രം ചെട്ടിവിളാകം</u>:

ആശുപത്രി കെട്ടിടത്തിലെ എല്ലാ ആവശ്യമായ ഭാഗങ്ങളിലും കുടിവെള്ളം എത്തിക്കുന്നതിനും, മഴവെള്ളം കെട്ടി കിടക്കുന്ന ഭാഗങ്ങളിൽ അത് ഒഴുക്കി വിടുന്നതിന് വേണ്ടി തറ കോൺക്രീറ്റ് ഇടുന്നതിനും, പ്രതിരോധ കുത്തി വയ്പ്പുകൾ നടത്താൻ വേണ്ടിയുള്ള മുറിയിൽ ഇലക്ട്രിക് കണക്ഷനുകളും ഫാനും പിടിപ്പിച്ച് നവീകരിക്കുന്നതിന് വേണ്ടിയും എൻ. ആർ. എച്ച്. എം ന്റെ ആശുപത്രി വികസന ഫണ്ടിൽ നിന്നും 2011 - 2012 വർഷത്തിൽ 19,267/- (പത്തൊൻപതിനായിരത്തി ഇരുന്നൂറ്റി അറുപത്തേഴ് രൂപ) ചെലവഴിച്ചു നിർവഹിച്ചു.

| | | | |
|---|---|---|---|
| | | | ചെട്ടിവിളാകം ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയിൽ 9,000/- രൂപയുടെ സാധന സാമഗ്രികൾ വാങ്ങുകയും കൂടാതെ 3,50,000/- രൂപയുടെ മരുന്നു വിതരണം സിറ്റി കോർപ്പറേഷനിൽ നിന്നും ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.<br><br>വട്ടിയൂർക്കാവ് ഗവൺമെന്റ് ആയുർവേദ ഡിസ്പെൻസറിയിൽ 3 ലക്ഷം രൂപയുടെ മരുന്നു ലഭ്യമാക്കുകയും സ്ഥാപനത്തിനാവശ്യമായ കമ്പ്യൂട്ടർ, ഫർണിച്ചർ എന്നിവയും വാങ്ങിയിട്ടുണ്ട്. |
| (ബി) | പ്രസ്തുത മണ്ഡലത്തിലെ 2012 - 2013 വർഷം ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്ന വികസന - ക്ഷേമ പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദമാക്കുമോ? | (ബി) | പ്രസ്തുത മണ്ഡലത്തിൽ 2012 - 2013 സാമ്പത്തിക വർഷം ഏറ്റെടുത്ത് നടത്താൻ ഉദ്ദേശിക്കുന്ന വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.<br><br>1. **<u>ജില്ലാ മാതൃകാശുപത്രി, പേരൂർക്കട</u>**:<br><br>രോഗികൾക്കും കൂട്ടിരിപ്പുകാർക്കും വേണ്ടിയുള്ള വെയിറ്റിംഗ് ഷെഡ് നിർമ്മിക്കുന്നതിന് എം. പി. എൽ. എ. ഡി. എസിൽ നിന്നും 20,00,000/- (ഇരുപത് ലക്ഷം മാത്രം) വിനിയോഗിച്ച് നടപടി സ്വീകരിച്ചു വരുന്നു.<br><br>2. **<u>മാനസികാരോഗ്യകേന്ദ്രം, പേരൂർക്കട</u>**:<br><br>സൂപ്രണ്ടിന്റെ റൂമിന്റെ മുകളിലത്തെ നില നവീകരണം (10,00,000/- പത്ത് ലക്ഷം രൂപ മാത്രം) ബയോഗ്യാസ് പ്ലാന്റ് സ്ഥാപിക്കൽ (6.5 ലക്ഷം രൂപ) വാർഷിക മെയിന്റനൻസ് (2 ലക്ഷം രൂപ) സി.സി.റ്റി.വി. സ്ഥാപിക്കൽ |

| | | | |
|---|---|---|---|
| | | | (20 ലക്ഷം രൂപ) എന്നിവയ്ക്കായി എസ്റ്റിമേറ്റ് തയ്യാറാക്കി പ്രാരംഭ നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>3. **<u>പി.എച്ച്.സി. ചെട്ടിവിളാകം</u>**:<br><br>ആശുപത്രി വികസന സമിതിയിൽ 2012-2013 സാമ്പത്തിക വർഷത്തിലേക്കുള്ള വികസന പ്രവർത്തനങ്ങൾ തയ്യാറാക്കി വരുന്നു. |

**സെക്ഷൻ ഓഫീസർ**